29
MONDAY
APRIL 2019

# ദുബായ് വാർത്ത

www.dubaivartha.com
A WHATSAPP NEWS PAPER



# ഗവൺമെന്റ് ഫീസ്, പിഴകൾ എന്നിവ ഇനി ഇൻസ്റ്റാൾമെൻറ് ആയി അടക്കാം



**യുഎ ഇലെ വ്യക്തികൾക്കും ബിസിനസ്സ് സ്ഥാപനങ്ങൾക്കും പിന്തുണ നൽകാനായി ഹാംദാൻ ബിൻ മുഹമ്മദിന്റെ ശ്രമം.**

---

## ഭീകരവാദികൾ കൂടുതൽ ആക്രമണങ്ങൾ പദ്ധതിയിടുന്നുവെന്ന് ശ്രീലങ്കൻ സുരക്ഷാ ഉദ്യോഗസ്ഥരുടെ മുന്നറിയിപ്പ്





**ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ ഭീകരാക്രമണം നടത്തിയ ഭീകരവാദികൾ സൈനിക വേഷത്തിൽ വാനിലെത്തി സ്ഫോടനം നടത്താൻ പദ്ധതിയിടുന്നുവെന്നാണ് മുന്നറിയിപ്പ്.**

---

## ഉത്തർപ്രദേശിലെ മുസ്ലിം വോട്ടർമാരെ ഭീഷണിപ്പെടുത്തിയ കേന്ദ്രമന്ത്രി മേനകാ ഗാന്ധിക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ താക്കീത്.





**മുസ്ലീങ്ങൾ അവരുടെ ആവശ്യവുമായി തന്നെ സമീപിച്ചാൽ പരിഗണിക്കില്ലെന്ന മേനകാ ഗാന്ധിയുടെ പരാമർശം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് നടപടി.**

29
MONDAY
APRIL 2019
# ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


# റമദാൻ - സാധ്യത മെയ് 6 ന്

## അന്താരാഷ്ട്ര ജ്യോതിശാസ്ത്ര കേന്ദ്രം




എല്ലാ ഇസ്ലാമിക രാഷ്ട്രങ്ങളിലും റമദാൻ മെയ് 6 ന് ആരംഭിക്കുമെന്ന് സാദ്ധ്യത

---

# ലുലു ഔട്ട്ലെറ്റുകൾ ഇക്കൊല്ലം 185 ആകുമെന്ന് യൂസഫലി.

## മലയാളികൾക്ക് കൂടുതൽ തൊഴിൽ അവസരം





ഷാർജ നഹ്ദയിൽ പുതിയ ലുലു, കിരീടവകാശി ഉദ്ഘാടനം ചെയ്തു

---

# മമത - മോദി വാക്ക്പയറ്റ്



40 തൃണമൂൽ കോൺഗ്രസ് MLAമാർ കൂറുമാറുമെന്ന് നരേന്ദ്രമോദി.

MLA പോയിട്ട് ഒരു കൗൺസിലർ പോലും ബിജെപിയോടൊപ്പം പോകില്ല എന്ന് മമത.

# റഫാൽ കേസുകളിലെ പുനഃപരിശോധനാ ഹർജികളിൽ മറുപടി നൽകാൻ കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ കൂടുതൽ സമയം തേടി.



നാളെ നടത്താൻ തീരുമാനിച്ചിരുന്ന വാദം കേൾക്കൽ നീട്ടണമെന്നും കേന്ദ്രസർക്കാർ കോടതിയോട് ആവശ്യപ്പെട്ടു.

# ബംഗാളിൽ ബിജെപി - തൃണമൂൽ സംഘർഷം



ബൂത്തുകളിൽ കേന്ദ്രസേന എത്താതെ പോളിങ് ആരംഭിക്കരുതെന്ന ബി.ജെ.പി പ്രവർത്തകരുടെ ആവശ്യത്തെ, തൃണമൂൽ കോൺഗ്രസ് പ്രവർത്തകർ നിരാകരിച്ചതാണ് സംഘർഷങ്ങൾക്ക് തുടക്കം.

# തെരഞ്ഞെടുപ്പു കമ്മീഷനെതിരെ സുപ്രീം കോടതിയിൽ കോൺഗ്രസിന്റെ ഹർജി:



പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കും ബി.ജെ.പി അധ്യക്ഷൻ അമിത് ഷായ്ക്കുമെതിരെ തെരഞ്ഞെടുപ്പു പെരുമാറ്റ ചട്ടലംഘനത്തിന് നടപടിയെടുക്കാത്തതിനെ ചോദ്യം ചെയ്താണ് കോൺഗ്രസിന്റെ ഹർജി.

# ക്രിക്കറ്റ് താരം മുഹമ്മദ് ഷമിയുടെ ഭാര്യ അറസ്റ്റിൽ



ഇന്ത്യൻ ക്രിക്കറ്റ് താരം മുഹമ്മദ് ഷമിക്കെതിരെ കോഴ ആരോപണങ്ങളും വധശ്രമവും പരസ്ത്രീബന്ധവും ആരോപിച്ചു രംഗത്തെത്തി വിവാദം സൃഷ്ടിച്ച ഭാര്യ ഹസിൻ ജഹാനെ പൊലീസ് അറസ്റ്റ് ചെയ്തു. ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു